പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 110 03 -02 -2020 -ൽ മറുപടിക്ക്

**കേന്ദ്ര സർക്കാരിൽ നിന്നുള്ള ദുരിതാശ്വാസ സഹായങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ശശി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ കനത്ത മഴയുടെയും പ്രകൃതി ദുരന്തത്തിന്റെയും സമയത്ത് കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങൾ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്; വിശദമാക്കുമോ; | എ) | കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 3048.27 കോടി രൂപയുടെ അടിയന്തിര സഹായമാണ് (2016 മുതൽ) അനുവദിച്ചിട്ടുള്ളത്. രക്ഷാപ്രവർത്തനത്തിനായി വായുസേന, കരസേന, നാവിക സേന, കോസ്റ്റ് ഗാർഡ്, ദേശീയ ദുരന്ത പ്രതികരണ സേന, ബി.എസ്.എഫ്, സി.ആർ.പി.എഫ്, ഡിഫൻസ് സർവീസ് കോർപ്പ്സ്, ഐ.ടി.ബി.പി, സി.ഐ.എസ്.എഫ് എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 89540 MT അരി അധികമായി അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇത്തരം സഹായങ്ങൾക്ക് കേന്ദ്രസർക്കാർ പണം ഈടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | 113,69,34,899/- രൂപയുടെ എയർബില്ലുകൾ എയർ ഹെഡ് കോർട്ടേഴ്സിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഓഖിയും, പ്രളയവും സംസ്ഥാനത്ത് ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പരിഗണിച്ച് ഈ തുക അടക്കുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 25/07/2019 ൽ മുഖ്യമന്ത്രി കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.<br>2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് 89540 MT അരി അധികമായി അനുവദിച്ചതിന് 205.81 കോടി രൂപ നൽകുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ